**File No.DPI/82048/2018-A1(AW)**

**"ഭരണഭാഷ – മാതൃഭാഷ"**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : **05/10/2020**

**പരിപത്രം**

വിഷയം:- പൊതുവിദ്യാഭ്യാസം -മത്സര പരീക്ഷകൾക്ക് സ്കൂൾ കെട്ടിടവും പരിസരവും ഉപയോഗിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ നൽകുന്ന "യൂട്ടിലിറ്റി ചാർജ്" വിനിയോഗിക്കുന്നതിന് നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. 16/04/2018 ലെ ബഹു.വിദ്യാഭ്യാസ മന്ത്രിയുടെ 2864/2018/എൻ ഓ ആർ/എം(ഇ ഡി എൻ) നമ്പർ നിർദേശം

2. 13/05/2019 ലെ പൊതു വിദ്യാഭ്യാസം -സി2/71/2019-പൊതു വിദ്യാഭ്യാസ വകുപ്പ് നമ്പർ സർക്കാർ കത്ത്

സർക്കാർ സ്കൂളുകളിൽ വെച്ച് നടത്തുന്ന മത്സരപരീക്ഷകളുടെ നടത്തിപ്പിന് നൽകുന്ന യൂട്ടിലിറ്റി ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് എല്ലാ സ്കൂളുകൾക്കും വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് സൂചന രണ്ട് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു . ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) പി എസ്സ് സി യും മറ്റു സ്ഥാപനങ്ങളുംനടത്തുന്ന മത്സര പരീക്ഷകൾക്ക് സർക്കാർ സ്കൂൾ കെട്ടിടവും പരിസരവും ഉപയോഗിക്കുന്നതിന്, ബന്ധപ്പെട്ട സ്ഥാപനങ്ങൾ നൽകുന്ന **"യൂട്ടിലിറ്റി ചാർജ്" സർക്കാർ റവന്യൂ ശീർഷകത്തിൽ അടയ്ക്കുന്നതിന് സർക്കാർ സ്കൂളുകളിലെ പ്രധാനാധ്യാപകർക്ക് കർശന നിർദേശം നൽകുന്നു.**

(2)വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റുകൾ,ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും തുടർച്ചയായ (റെഗുലർ) ഓഡിറ്റുകൾ നടത്തുന്ന സമയത്ത് ബന്ധപ്പെട്ട സ്കൂളുകളിൽ നടക്കുന്ന എല്ലാ മത്സര പരീക്ഷകളുടെയും വരവു ചെലവുകൾ കർശനമായും ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. **കൂടാതെ,സർക്കാർ സ്കൂളുകളിലെ യൂട്ടിലിറ്റി ചാർജ് മുഴുവനായും സർക്കാർ റെവന്യൂ ശീർഷകത്തിൽ ഒടുക്കിയിട്ടുണ്ട് എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്.**

(3) ഓഫീസുകളിലെ (വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റ്,ഡയറ്റ്,ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,സർക്കാർ/എയ്ഡഡ് സ്കൂളുകൾ) എല്ലാ പണമിടപാടുകളും (വരവുചെലവുകൾ) പ്രധാന ക്യാഷ്ബുക്കിൽ[ഫോം നമ്പർ:ടി ആർ 7 എ] ചട്ട പ്രകാരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.കൂടാതെ ക്യാഷ് ബുക്ക്,28/10/2005 ലെ സ.ഉ(അച്ചടി) 469/2005/ധന നമ്പർ സർക്കാർ ഉത്തരവ്,07/03/2008 സ.ഉ(അച്ചടി) 119/2008/ധന നമ്പർ പുതുക്കിയ സർക്കാർ ഉത്തരവ് എന്നിവയിലെ നിർദേശങ്ങൾക്ക് വിധേയമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

Signature valid
Digitally signed by JEEVAN BABU K IAS
Date: 2020.10.05 [illegible]:55 IST
Reason: Approved

ജീവൻ ബാബു.കെ,ഐ എ എസ്
പൊതു വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

പ്രധാനാധ്യാപകർ (സർക്കാർ/എയ്ഡഡ്)

പകർപ്പ്:

(1) വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ

(2) ഡയറ്റ് പ്രിൻസിപ്പൽമാർ

(3) ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ

(4)സി ഇ ഒ,കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)